## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6892 — 10.07.2014 -ലെ മറുപടിക്ക്.

## നിർമ്മാണ തൊഴിലാളികളുടെ ക്ഷേമനിധി പെൻഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ചന്ദ്രൻ : | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്യുന്നതിന് ആധാർ കാർഡും അക്ഷയ രജിസ്ട്രേഷനും ബാങ്ക് അക്കൗണ്ടും നിർബന്ധമാക്കിയതിന്റെ ഫലമായി എത്ര തൊഴിലാളികൾക്ക് ക്ഷേമനിധി അംഗത്വം നഷ്ടപ്പെട്ടിട്ടുണ്ട് ; | (എ) ആർക്കും അംഗത്വം നഷ്ടപ്പെട്ടിട്ടില്ല. |
| (ബി) അഞ്ച് വർഷത്തിൽ കൂടുതൽ സർവ്വീസുള്ള തൊഴിലാളികൾക്ക് നിലവിൽ കിട്ടിക്കൊണ്ടിരുന്ന പെൻഷൻ കുറച്ചിട്ടുണ്ടോ ; | (ബി) ഇല്ല. |
| (സി) എല്ലാവരുടെയും പെൻഷൻ 500/- രൂപയായി നിശ്ചയിച്ചിട്ടുണ്ടോ ; | (സി) 10/09/2013 ലെ സർക്കാർ ഉത്തരവ് (സാധാ) നം. 1608/2013/തൊഴിൽ ഉത്തരവ് പ്രകാരം കുറഞ്ഞ പെൻഷൻ 500/- രൂപയായി നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. ഇതു സംബന്ധിച്ച ചട്ടം ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) ഇതുമൂലം പെൻഷൻ നഷ്ടം സംഭവിച്ചിട്ടുള്ള തൊഴിലാളികൾക്ക് അത് പുനഃസ്ഥാപിച്ചു നല്കുന്നതിനു വേണ്ടിയുള്ള നടപടി സ്വീകരിക്കുമോ ; | (ഡി) നിലവിൽ തൊഴിലാളികൾക്ക് പെൻഷനിൽ നഷ്ടം സംഭവിച്ചിട്ടില്ല. |
| (ഇ) ക്ഷേമനിധി അംഗങ്ങൾ രോഗം മൂലമോ മതിയായ കാരണങ്ങളാലോ അംശദായം അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയാൽ അംഗത്വം പുനഃസ്ഥാപിച്ചു കൊടുക്കുന്നതിനുള്ള വ്യവസ്ഥകളുണ്ടോ ; വ്യക്തമാക്കാമോ ? | (ഇ) ഉണ്ട്. കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിൽ ഒരു വർഷത്തിലധികം അംശദായ കുടിശ്ശിക വന്ന് അംഗത്വം നഷ്ടപ്പെട്ടവർക്ക് നിലവിലെ നിയമങ്ങൾക്കും, ചട്ടങ്ങൾക്കും വിധേയമായി അംഗത്വ പുനഃസ്ഥാപനം നടത്തി നല്കുന്നുണ്ട്. രണ്ട് പ്രാവശ്യം വരെ അംശദായ കുടിശ്ശിക വന്ന് അംഗത്വം നഷ്ടപ്പെട്ട അംഗതൊഴിലാളികൾക്ക് അംഗത്വ പുനഃസ്ഥാപനം നടത്തുന്നതിന്, അതാത് ജില്ലാ ഓഫീസുകളിൽ അപേക്ഷ നല്കി അംഗത്വം പുനഃസ്ഥാപിക്കുന്നതിന് നിലവിൽ വ്യവസ്ഥയുള്ളതാണ്. കൂടാതെ അംഗ തൊഴിലാളികൾക്ക് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസറുടെ തീരുമാനത്തിൽ എന്തെങ്കിലും ആക്ഷേപമുള്ള പക്ഷം 30 ദിവസത്തിനകം ബോർഡ് സെക്രട്ടറിക്ക് അപ്പീൽ സമർപ്പിക്കുന്നതിനുള്ള അവസരവും നിലവിലുണ്ട്. |

Deepa

സെക്ഷൻ ഓഫീസർ